IT

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ T181      23-01-2014-ൽ മറുപടിക്ക്

## ആധാർ കാർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. കെ. ദാസൻ | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) സർക്കാർ ആനുകൂല്യങ്ങൾക്ക് ആധാർ കാർഡ് നിർബന്ധമാക്കാനുള്ള തീരുമാനം പിൻവലിക്കുമോ; ഇതിനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ; എങ്കിൽ കേന്ദ്ര സമീപനം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ആധാർ നിർബന്ധമാക്കേണ്ടതില്ല എന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. കേന്ദ്ര സർക്കാർ നല്കുന്ന എൽ.പി.ജി. സബ്സിഡി ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ ആധാർ ബന്ധിത ബാങ്ക് അക്കൗണ്ടിലൂടെ നൽകുന്നതിന് സാവകാശം വേണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 28-02-2014 വരെ ഇതിന് സമയം അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ 6 മാസത്തേക്കുകൂടി സമയം ദീർഘിപ്പിച്ചു നൽകണമെന്ന് വീണ്ടും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നും അനുകൂലമായ സമീപനമാണ് ഉണ്ടായിട്ടുള്ളത്. |
| (ബി) യാതൊരു നിയമപിൻബലവും ഇല്ലാത്ത ആധാർ നിർബന്ധമാക്കുന്നതുമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ; ആധാർ നിർബന്ധമാക്കരുതെന്ന് സുപ്രീംകോടതി ആവർത്തിച്ച് നിർദ്ദേശം നൽകിയിട്ടുള്ളതായി അറിയാമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആധാർ ലഭിക്കാത്തതിന്റെ പേരിൽ ഒരു വ്യക്തിയും ബുദ്ധിമുട്ട് അനുഭവിക്കരുതെന്ന് ബഹു.സുപ്രീംകോടതി ഇടക്കാല വിധി പുറപ്പെടുവിച്ചിട്ടുണ്ട്. |

| ചോദ്യം | ഉത്തരം |
| --- | --- |
| (സി) ക്ഷേമ നിധി, സ്കോളർഷിപ്പ്, വിദ്യാഭ്യാസ ഗ്രാന്റ്, റേഷൻ സബ്സിഡി തുടങ്ങിയവയെല്ലാം ആധാർ അക്കൗണ്ടിലൂടെ ആക്കാൻ ആലോചിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ? | (സി) സർക്കാർ സേവനങ്ങളും സർക്കാർ ആനുകൂല്യങ്ങളും കാര്യക്ഷമമായും സുതാര്യമായും വിതരണം ചെയ്യുന്നതിനും അർഹതപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും പ്രത്യേകിച്ച് പാവപ്പെട്ടവർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നു എന്ന നിലയിലാണ് ആധാർ പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ക്ഷേമ പെൻഷനുകളും സ്കോളർഷിപ്പുകളും ആധാർ ബന്ധിതമാക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങളും ഉത്തരവുകളും പുറപ്പെടുവിപ്പിച്ചിട്ടുണ്ടെങ്കിലും ജനങ്ങൾക്കുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ആധാർ നിർബന്ധമാക്കേണ്ടതില്ല എന്നതാണ് സംസ്ഥാന സർക്കാരിന്റെ ഇപ്പോഴത്തെ നിലപാട്. ഇക്കാര്യത്തിൽ ഏതെങ്കിലും ഉത്തരവുകൾ നിലവിലുണ്ടെങ്കിൽ അവ റിവ്യൂ ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ